# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 11-08-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 134

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.ഹരീന്ദ്രൻ :<br>ശ്രീ. ഇ.പി.ജയരാജൻ :<br>ശ്രീ.കെ.ആൻസലൻ :<br>ശ്രീ. എം.നൗഷാദ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കരാറുകാരന് അമിത ലാഭം ഉണ്ടാക്കി നൽകുക എന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതി കരാർ നൽകിയതിൽ അഴിമതി നടത്തിയെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനത്തെ ബാധിക്കില്ലെന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) യും (ബി) യും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. എൻ രാമചന്ദ്രൻ നായർ (റിട്ട. ഹൈക്കോടതി ജഡ്ജി), ചെയർമാനായും ശ്രീ.കെ. മോഹൻദാസ്, ഐ.എ.എസ് (റിട്ട), ശ്രീ. പി.ജെ. മാത്യു ഐ.എ &. എ.എസ് (റിട്ട) എന്നിവർ അംഗങ്ങളുമായുള്ള ഒരു ജൂഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിച്ചിരിക്കുകയാണ്. 6 മാസമാണ് ഈ കമ്മീഷന്റെ കാലാവധി. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. കമ്മീഷന്റെ പ്രവർത്തനം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) തുറമുഖ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിനുവേണ്ടി, പദ്ധതിയുടെ ഭാഗമായി വീടും സ്ഥലവും തൊഴിലും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാര — പുനരധിവാസ പാക്കേജ് സമയബന്ധിതമായി നടപ്പാക്കുമോ ; ഇതിനായി ജനകീയ സമിതി രൂപീകരിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം പരിഗണിക്കുമോ? | (സി) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനായി 5 സെന്റ് സ്ഥലവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ഇനി ഏറ്റെടുക്കാനുള്ള ഭൂവുടമകൾക്കും സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതാണ്. തുറമുഖ വികസനത്തിന്റെ ഭാഗമായി ഉപജീവനവും തൊഴിലും നഷ്ടപ്പെട്ട ആളുകളുടെ നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച് ആർ.ഡി.ഒ ചെയർമാനായ ഉപജീവനാഘാത നിർണ്ണയ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിപ്പി, കരമടി, കട്ടമര തൊഴിലാളികൾക്കും, റിസോർട്ട് ഉടമകൾക്കും , തൊഴിലാളികൾക്കും പുനരധിവാസ പാക്കേജ് അനുവദിച്ചു നൽകിയിട്ടുണ്ട്. പുനരധിവാസം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും, തൊഴിലാളികളുടെ അർഹത സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനും മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഈ യൂണിറ്റിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ